"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ ആസൂത്രണ സമിതി അംഗീകാരം റദ്ദാക്കിയ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം തുടരാൻ പ്രത്യേക അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1239/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

പരാമർശം:- 1 മലപ്പുറം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 26.05.2020 -ലെ കത്ത്

2 തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 26.05.2020 -ലെ നിവേദനം

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.36

**ഉത്തരവ്**

തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതി, 21.04.2020-ൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചുവെന്നും എല്ലാ വാർഡുകളിലും ഗ്രാമസഭ ചേരാതെയാണ് പഞ്ചായത്ത് സെക്രട്ടറി വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചതെന്ന് പരാതിയുയർന്ന സാഹചര്യത്തിൽ 26.05.2020-ലെ യോഗത്തിൽ അത് പരിശോധിക്കുകയും ഗ്രാമ സഭ ചേരാതെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചതിനാൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതി അംഗീകാരം റദ്ദ് ചെയ്യാൻ തീരുമാനിച്ച വിവരം മലപ്പുറം ജില്ലാ ആസൂത്രണ സമിതി പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു. ക്വാറം തികയാത്ത ഗ്രാമസഭകൾ വീണ്ടും നടത്തുന്നതിന് ഭരണസമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാമസഭകൾ ചേരാൻ കഴിഞ്ഞില്ല എന്നും വാർഷിക പദ്ധതിയുടെ അംഗീകാരം റദ്ദാക്കിയതിനാൽ അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകൾ പോലും നടപ്പാക്കാൻ കഴിയുന്നില്ലെന്നും അതിനാൽ പദ്ധതി നിർവ്വഹണം തുടരാൻ അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം നിവേദനം നൽകിയിരുന്നു.

2. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പശ്ചാത്തലത്തിൽ രണ്ടു വാർഡിലെ ഗ്രാമസഭ ഉടനെ കൂടാൻ സാധിക്കില്ലാത്ത സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും 21.04.20 ൽ ജില്ലാ ആസൂത്രണ സമിതി ക്ലിയറൻസ് നൽകുകയും ചെയ്ത പ്രോജക്ടുകളുടെ നിർവ്വഹണം തുടരാൻ തലക്കാട് ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
അധ്യക്ഷൻ, മലപ്പുറം ജില്ലാ ആസൂത്രണ സമിതി
സെക്രട്ടറി, തലക്കാട് ഗ്രാമപഞ്ചായത്ത്
ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.24 15:30:28 IST
Reason: Approved
സെക്ഷൻ ഓഫീസർ